**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 331** **27-01-2026 - ൽ മറുപടിയ്ക്ക്**

**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ജെ. മാക്സി</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(എ)</td><td>മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു<br><br>
<table>
<tr><th>ക്രമ നം.</th><th>ജില്ല</th><th>ആകെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ</th></tr>
<tr><td>1</td><td>ആലപ്പുഴ</td><td>394251</td></tr>
<tr><td>2</td><td>എറണാകുളം</td><td>378907</td></tr>
<tr><td>3</td><td>ഇടുക്കി</td><td>343524</td></tr>
<tr><td>4</td><td>കണ്ണൂർ</td><td>356918</td></tr>
<tr><td>5</td><td>കാസർഗോഡ്</td><td>254653</td></tr>
<tr><td>6</td><td>കൊല്ലം</td><td>589146</td></tr>
<tr><td>7</td><td>കോട്ടയം</td><td>292872</td></tr>
<tr><td>8</td><td>കോഴിക്കോട്</td><td>513635</td></tr>
<tr><td>9</td><td>മലപ്പുറം</td><td>609550</td></tr>
<tr><td>10</td><td>പാലക്കാട്</td><td>567572</td></tr>
<tr><td>11</td><td>പത്തനംതിട്ട</td><td>255079</td></tr>
<tr><td>12</td><td>തിരുവനന്തപുരം</td><td>573540</td></tr>
<tr><td>13</td><td>തൃശ്ശൂർ</td><td>430829</td></tr>
<tr><td>14</td><td>വയനാട്</td><td>238538</td></tr>
<tr><td></td><td>ആകെ</td><td>5799014</td></tr>
</table></td></tr>
<tr><td>(ബി)</td><td>കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച നിയമ പ്രകാരം ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ ആശങ്കകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>നിലവിൽ അവിദഗ്ധ വേതനം 100 ശതമാനവും പദ്ധതിയുടെ ഭരണച്ചെലവിന്റെ 100 ശതമാനവും, പദ്ധതിയുടെ ഭാഗമായ ആസ്തി നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയൽ, വിദഗ്ധ വേതനം, അർദ്ധ വിദഗ്ധ വേതനം എന്നീ ഇനങ്ങളിൽ 75 ശതമാനം കേന്ദ്രവും 25 ശതമാനം സംസ്ഥാനവുമാണ് വഹിക്കുന്നത്. എന്നാൽ പുതിയ നിയമ പ്രകാരം, പദ്ധതിയുടെ ആകെ ചെലവ് 60:40 എന്ന അനുപാതത്തിൽ വിഹിതം</td></tr>
</table>

| | | | |
|---|---|---|---|
| | | | പങ്കിടണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ കേന്ദ്രം ആദ്യഘട്ടത്തിൽ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണ സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിന് ഉണ്ടാകും. നിലവിൽ ഇപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക ചെലവ് കേന്ദ്രസർക്കാർ ആണ് നിർവഹിച്ചിരുന്നത്. പുതിയ നിയമത്തിലെ സെക്ഷൻ 4 (4) പ്രകാരം ഗ്രാമപഞ്ചായത്തുകളെ A, B, C എന്നിങ്ങനെ ക്ലാസിഫൈ ചെയ്യും എന്നും 5(1) പ്രകാരം സംസ്ഥാനങ്ങളിൽ കേന്ദ്രസർക്കാർ നോട്ടിഫൈ ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാകും 125 ദിവസത്തെ തൊഴിലുറപ്പ് ഉണ്ടാകുന്നത് എന്നും വ്യവസ്ഥ ചെയ്യുന്നു. പുതിയ നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം കൃത്യസമയത്ത് തൊഴിൽ നൽകിയില്ല എങ്കിൽ നൽകേണ്ട തൊഴിലില്ലായ്മ വേതനം, കൃത്യ സമയത്ത് കൂലി നൽകിയില്ല എങ്കിൽ നൽകേണ്ട കോമ്പൻസേഷൻ എന്നിവ നൽകാനുള്ള ബാധ്യത സംസ്ഥാനങ്ങൾക്കാണ്. |
| (സി) | പുതിയ നിയമ പ്രകാരം കുറയുന്ന കേന്ദ്രവിഹിതം എത്രയാണെന്ന വിശദാംശം ലഭ്യമാക്കാമോ; | (സി) | നിലവിൽ അവിദഗ്ധ വേതനം 100 ശതമാനവും പദ്ധതിയുടെ ഭരണച്ചെലവിന്റെ 100 ശതമാനവും, പദ്ധതിയുടെ ഭാഗമായ ആസ്തി നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയൽ ഇനത്തിൽ 75 ശതമാനവും കേന്ദ്രവിഹിതമാണ്. മെറ്റീരിയൽ ഘടകത്തിന്റെ 25 ശതമാനം മാത്രമാണ് സംസ്ഥാന വിഹിതം. ഇതിൽ ഭേദഗതി വരുത്തിയാണ് ആകെ പദ്ധതി ചെലവ് 60:40 ആക്കി മാറ്റിയിട്ടുള്ളത്.<br><br>പുതിയ പദ്ധതി ആരംഭിക്കുകയും അതിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന അലോക്കേഷൻ പരിഗണിച്ചും മാത്രമേ കുറവു വരുന്ന കേന്ദ്ര വിഹിതത്തിന്റെ കണക്കുകൾ ലഭ്യമാവുകയുള്ളൂ. |
| (ഡി) | തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും ഇല്ലാതാക്കാനുള്ള കേന്ദ്ര സർക്കാർ നയം പുതിയ നിയമത്തിലൂടെ ആസൂത്രിതമായി നടപ്പാക്കാൻ ശ്രമിക്കുന്നത് തടയുന്നതിലേക്കായി വിവിധ സംസ്ഥാനങ്ങളുമായി സഹകരിച്ച് സംസ്ഥാന സർക്കാർ ഏതെല്ലാം തുടർനടപടികളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പകരം പുതിയ പദ്ധതി കൊണ്ടു വരുന്നതിലുള്ള സംസ്ഥാനത്തിന്റെ പ്രതിഷേധവും ആശങ്കയും കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ